# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കപ്പൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: No.KSA PKD-P16/1260/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 07/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കപ്പൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: No.KSA PKD-P16/1260/22 തീയ്യതി: 07/07/2022

## പാലക്കാട് ജില്ലയിലെ കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-12-2020 മുതൽ 21-05-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-05-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഇ.ശശിഭൂഷൻ | ഡെപ്യൂട്ടി ഡയറക്ടർ | 23-05-2022 | 31-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-05-2022 | 31-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

പ്രകാശ് ബാബു കെ.ആർ, ഓഡിററ് ഓഫീസർ (ഹ.ഗ്രേഡ്)
കെ.പി.മുഹമ്മദ് ഫാറൂക്ക്,അസി.ഓഡിറ്റ് ഓഫീസർ
കെ.വി.രാജൻ, ഓഡിറ്റർ
ഐ.കന്തസ്വാമി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സിന്ധു മാവറ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ബി.രേഖ | സെക്രട്ടറി | 01-04-2019 | 12-07-2019 |
| രാജേന്ദ്രൻ പി.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-07-2019 | 29-07-2019 |
| എഫ്.സെലീന മോൾ | സെക്രട്ടറി | 30-07-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജേന്ദ്രൻ പി.കെ | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ജാസ്മിൻ പി.എച്ച് | കൃഷി ഓഫീസർ | 01-04-2019 | 04-09-2019 |
| മീര ടി.എം | കൃഷി ഓഫീസർ | 05-09-2019 | 06-11-2019 |
| ഉണ്ണികൃഷ്ണ പിള്ള | കൃഷി ഓഫീസർ (In Charge) | 07-11-2019 | 13-12-2019 |
| രൺദീപ് കെ.ആർ | കൃഷി ഓഫീസർ | 14-12-2019 | 31-03-2020 |
| ഡോ.കൃഷ്ണദാസ് പി.കെ | മെഡിക്കൽ ഓഫീസആയുർവേദം) | 01-04-2019 | 31-03-2020 |
| ബിജുമോൻ ജോസഫ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| പി.കെ.പ്രതാപ് | വെറ്ററിനറി സർജ്ജൻ | 01-04-2019 | 31-03-2020 |
| ശ്രീലത വി.പി | ഡയറി എകസ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| അജിതകുമാരി എൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ജിഷ എം.വി | അസി.എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| രമ കെ | വില്ലേജ് എകസ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| പി.ബീനാകുമാരി | ഹെഡ് മിസ്ട്രസ്,ജി.എൽ.പി.എസ് | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: K.R.Prakashbabu (Audit Officer, On 27-06-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 27-06-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Kanthaswami.I (Auditor, On 27-06-2022)<br>Last Updated By: Kanthaswami.I (Auditor, On 27-06-2022) | 1-2 |
| 3 | വാർഷികകണക്കുകളിലെ അപാകതകൾ<br>Written By: Kanthaswami.I (Auditor, On 27-06-2022)<br>Last Updated By: Kanthaswami.I (Auditor, On 27-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: K.R.Prakashbabu (Audit Officer, On 27-06-2022)<br>Last Updated By: Anish A (Computer Assistant, On 07-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: K.R.Prakashbabu (Audit Officer, On 27-06-2022)<br>Last Updated By: Anish A (Computer Assistant, On 07-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: K.R.Prakashbabu (Audit Officer, On 27-06-2022)<br>Last Updated By: Anish A (Computer Assistant, On 07-07-2022) | 1-5 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: K.V.Rajan (Senior Grade Auditor, On 27-06-2022)<br>Last Updated By: Anish A (Computer Assistant, On 07-07-2022) | 1-6 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: K.R.Prakashbabu (Audit Officer, On 27-06-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 27-06-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Kanthaswami.I (Auditor, On 31-05-2022)<br>Last Updated By: Kanthaswami.I (Auditor, On 31-05-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: K.R.Prakashbabu (Audit Officer, On 27-06-2022)<br>Last Updated By: Anish A (Computer Assistant, On 07-07-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: K.R.Prakashbabu (Audit Officer, On 27-06-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 27-06-2022) | 1-10 |
| 12 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: Kanthaswami.I (Auditor, On 31-05-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 28-06-2022) | 1-11 |
| 13 | കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല- നികുതി ഇനത്തിൽ നഷ്ടം.<br>Written By: Kanthaswami.I (Auditor, On 31-05-2022)<br>Last Updated By: Anish A (Computer Assistant, On 07-07-2022) | 1-12 |
| 14 | കന്നുകുട്ടി പരിപാലനം-രേഖകൾ ഹാജരാക്കണം<br>Written By: K.V.Rajan (Senior Grade Auditor, On 24-06-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 28-06-2022) | 1-13 |
| 15 | കറവ പശുക്കൾക്ക് കാലിതീറ്റ വിതരണം - സബ്സിഡി വ്യവസ്ഥകൾക്ക വിരുദ്ധമായി ആനുകൂല്യം നൽകി<br>Written By: K.V.Rajan (Senior Grade Auditor, On 26-06-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 28-06-2022) | 1-14 |
| 16 | കരാറുകാരന് അധികം നൽകിയ തുക ഈടാക്കേണ്ടതാണ്<br>Written By: K.R.Prakashbabu (Audit Officer, On 28-06-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 28-06-2022) | 1-15 |
| 17 | വിദേശ ജോലിക്ക് ധനസഹായം- അർഹതയില്ലാത്ത ഗുണഭോക്താവിന് | 1-16 |

| | | |
|---|---|---|
| | ആനുകൂല്യം നൽകി-50000രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: K.P. Muhammed Farook (Asst. Audit Officer, On 01-06-2022)<br>Last Updated By: Anish A (Computer Assistant, On 07-07-2022) | |
| ഭാഗം 2 | | |
| --- No Records Found --- | | |
| ഭാഗം 3 | | |
| 1 | കരാറുകാരന് അധികം നൽകിയ തുക ഈടാക്കേണ്ടതാണ്<br>Written By: K.R.Prakashbabu (Audit Officer, On 29-06-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 29-06-2022) | 3-1 |
| ഭാഗം 4 | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: K.R.Prakashbabu (Audit Officer, On 27-06-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 07-07-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: K.R.Prakashbabu (Audit Officer, On 27-06-2022)<br>Last Updated By: Anish A (Computer Assistant, On 07-07-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: K.R.Prakashbabu (Audit Officer, On 27-06-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 27-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: K.R.Prakashbabu (Audit Officer, On 27-06-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 27-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: K.R.Prakashbabu (Audit Officer, On 27-06-2022)<br>Last Updated By: Anish A (Computer Assistant, On 07-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: K.R.Prakashbabu (Audit Officer, On 27-06-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 27-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: K.R.Prakashbabu (Audit Officer, On 27-06-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 27-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: K.R.Prakashbabu (Audit Officer, On 27-06-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 27-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: K.R.Prakashbabu (Audit Officer, On 27-06-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 27-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: K.R.Prakashbabu (Audit Officer, On 27-06-2022)<br>Last Updated By: Anish A (Computer Assistant, On 07-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: K.R.Prakashbabu (Audit Officer, On 27-06-2022)<br>Last Updated By: Anish A (Computer Assistant, On 07-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2019-20വർഷത്തെ ബജറ്റ് 28/02/2019 തിയതിയിലെ തീരുമാന 1 പ്രകാരം അംഗീകരിച്ചു. വാർഷിക ബജറ്റ് പുതുക്കി അംഗീകാരം നേടിയിട്ടില്ല.

ബജറ്റ് വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 13918941 | 137441000 | 151359941 | 149559000 | 1800941 |

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2020 | 09-06-20 | ----- | ----- |

### 1-2-1 വാർഷികകണക്കുകളിലെ അപാകതകൾ

1) ആസ്തി രജിസ്റ്റർ രേഖപ്പെടുത്തൽ വരുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ B-11- പത്രികകൾ പ്രകാരമുള്ള ആസ്തികളുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടിട്ടില്ല.

2) വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്,കളക്ഷൻ,ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്,കളക്ഷൻ,ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

3)ലോൺ വരവ്,ചെലവ്,തിരിച്ചടവ് വിശദാംശങ്ങൾ ഉൾപ്പെടുത്തിയ ലോൺ രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 19115758 |
| ഓഡിറ്റ് വർഷത്തെ വരവ് | 58639421 |
| ആകെ | 77755179 |
| ചെലവ് | 60809253 |
| നീക്കിയിരിപ്പ് | 16945926 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 10361451 | 10361451 | 9390293 | 971158 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 9414079 | 9414079 | 6948570 | 3198018 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് (ACR പ്രകാരം) | 0 | 10714000 | 10714000 | 4921118 | 5792882 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് (ACR പ്രകാരം) | 0 | 3659000 | 3659000 | 2669975 | 989025 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 9376311 | 9376311 | 5033728 | 4342583 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| MGNREGS | 14467 | 12341909 | 12356376 | 12356376 | 0 |
| TSC | 895562 | 288000 | 1183562 | 271000 | 912562 |
| ICDS | 1094085 | 1412914 | 2506999 | 910095 | 1596904 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 221 | 95396469 | 151 | 43966179 | 0 | 70 | 68.32 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 2 | 4542667 | 1665548 | 36.66 |
| വി.ഇ.ഒ | 14 | 12 | 24805047 | 9630303 | 38.82 |
| ICDS സൂപ്പർവൈസർ | 6 | 5 | 4148000 | 3396502 | 81.88 |
| സെക്രട്ടറി | 21 | 13 | 5020643 | 3094767 | 61.64 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 145 | 97 | 45203782 | 20206055 | 44.70 |
| മെഡിക്കൽ ഓഫീസർ-PHC | 2 | 2 | 1150000 | 1049995 | 91.30 |
| മെഡിക്കൽ ഓഫീസർ-ISM | 2 | 2 | 1074020 | 1074020 | 100 |
| അസി.സെക്രട്ടറി | 5 | 3 | 3330000 | 1326763 | 39.84 |
| വെറ്ററിനറി സർജ്ജൻ | 8 | 8 | 3012350 | 1055730 | 35.04 |

| | | | | | |
|---|---|---|---|---|---|
| ഹെഡ് മിസ്ട്രസ് | 11 | 6 | 2759960 | 1206090 | 43.70 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 350000 | 260406 | 74.40 |
| ആകെ | 221 | 151 | 95396469 | 43966179 | 46.08 |

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 30480 | 24 |
| കർഷകതൊഴിലാളി പെൻഷൻ | 450000 | 588 |
| വിധവാപെൻഷൻ | 2841600 | 3460 |
| വാർദ്ധക്യകാല പെൻഷൻ | 4629000 | 5934 |
| വികലാംഗപെൻഷൻ | 687400 | 905 |
| 50 വയസ്സിന് മുകളി ലുള്ള അവിവാഹിത കൾക്കുള്ള പെൻഷ ൻ | 171600 | 207 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| | | | | | |
|---|---|---|---|---|---|
| തൊഴിലാളികളുടെ കൂലി | 0 | 12341909 | 12341909 | 12341909 | 0 |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 14467 | 1079065 | 1093532 | 1093532 | 0 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.05.2022 തിയ്യതിയിൽ ഉച്ചയ്ക്ക് ശേഷം 3.30 ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 9588 /- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഇത് സംബന്ധിച്ച വിശദാംശങ്ങൾ ഇതോടൊപ്പം പുറപ്പെടുവിക്കുന്ന 2020-21വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 18-01-2022 | ഡിസംബർ 2021 | 18-01-022 | ഇല്ല |
| 2 | അക്കൗണ്ടന്റ് ജനറ ലിന്റെ ഓഡിറ്റ് | 13.03.2009 മുതൽ 18.03.2009 | 1997-98 മുതൽ 1999-00 വരെ | 15.11.2006 | ഇല്ല |

## 1-11 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം, ഒരു അർദ്ധവർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന കമ്പനികളും സ്ഥാപനങ്ങളും പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിൽ ചെയ്യുന്നവരും, താമസിച്ച് തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരും എല്ലാ മാർഗ്ഗങ്ങളിൽ കൂടിയും അയാളുടെ ആകെ വരുമാനത്തിന് അനുസൃതമായി തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്. 2020-21 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി യിട്ടില്ല.

ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ/ ജീവനക്കാരുടെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | ഇസ്ലാഹിയ ഓർഫനേജ് സ്കൂൾ, കുമാരനെല്ലൂർ | 2 |
| 2 | എ.ജെ.ബി,എസ് നെയ്യാർ | 2 |
| 3 | എൻ.ആർ.ജി.എസ് കപ്പൂർ | 2 |

റേഷൻ കടകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല .

ഗ്രാമപഞ്ചായത്ത് പരിധിയിൽ മരാമത്ത് ജോലികൾക്കായി പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടതായി കാണുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി കണക്കാക്കുന്നതിന് സ്റ്റേറ്റ് മെന്റ് വാങ്ങിയതായോ തൊഴിൽ നികുതി അടച്ചതായോ കാണുന്നില്ല. ഇവർ മറ്റേതെങ്കിലും പഞ്ചായത്തിൽ തൊഴിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുകയോ, അല്ലാത്തപക്ഷം ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടച്ച് ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്.

സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വാണിജ്യ/വ്യാപാര സ്ഥാപനങ്ങൾ ലൈസൻസിനുവേണ്ടി പഞ്ചായത്തിൽ സമർപ്പിക്കുന്ന അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ പ്രസ്തുത ജീവനക്കാരിൽനിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. തൊഴിൽനികുതി ഈടാക്കാത്ത ഏതാനും സ്ഥാപനങ്ങളുടെ വിവരങ്ങൾ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | ലൈസൻസ് രജിസ്റ്ററിലെ ക്രമ നം, | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | അനുശ്രീ സ്റ്റീൽ ഇൻഡസ്ട്രീസ് | 10 | 16 |
| 2 | ശബരിഗിരി റോക്ക് ടൈൽസ് | 30 | 9 |
| 3 | തെക്കേക്കര പോളിമേഴ്സ് | 75 | 6 |
| 4 | മിനറൽ ഡ്രിങ്കിങ് വാട്ടർ | 57 | 7 |
| 5 | എസ്.ഡി.ഇൻഡസ്ട്രിയൽ & എഞ്ചിനിയറിംഗ് വർക്ക്സ് | 225,226 | 6 |

ഗ്രാമപഞ്ചായത്ത് പരിധിയിൽ തൊഴിലുടമകളോട് ജീവനക്കാരുടെ പേരു വിവരവും, വരുമാനവും സംബന്ധിച്ച് അർദ്ധവാർഷിക തൊഴിൽ നികുതി റിട്ടേണുകൾ സമർപ്പിക്കുന്നതിന് ആവശ്യപ്പെടാവുന്നതാണ്. ഇപ്രകാരം ലഭ്യമാക്കുന്ന റിട്ടേണുകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര/വ്യവസായ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി പിരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 04/30.05.22 ന് മറുപടിയായി കരാറുകാരിൽ നിന്നും സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരിൽനിന്നും റേഷൻകട നടത്തിപ്പുകാരിൽനിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി ആയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

1-12 കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല- നികുതി ഇനത്തിൽ നഷ്ടം.

വസ്തുനികുതി നിർണ്ണയ രജിസ്റ്റർ സഞ്ചയ ഫോറം 6 പരിശോധിച്ചതിൽ താഴെ പറയുന്ന വ്യവസായആവശ്യത്തിനുള്ള കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല എന്ന് കാണുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| കെട്ടിട നമ്പർ | 8/246 D, ഉണ്ണികൃഷ്ണൻ, ചാപ്പവളപ്പിൽ,കപ്പൂർ,കുമരനെല്ലൂർ |
| വിസ്തീർണ്ണം | 137 ച.മീറ്റർ |
| വിഭാഗം | മൈക്രോ സ്മാൾ ആൻറ് മീഡിയം എൻറർപ്രൈസസ് ഡെവലപ് മെൻറ് ആക്റ്റ്, 2006(2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ |
| നികുതി പ്രാബല്യത്തിൽ വരുന്ന തിയതി | 2013 First Half |

മേൽകെട്ടിടത്തിന് വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കാത്തതിന് വിശദീകരണം നൽകിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 02/27.05.2022) വസ്തുനികുതി നിർണ്ണയിച്ച് കുടിശ്ശികസഹിതം ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-13 കന്നുകുട്ടി പരിപാലനം-രേഖകൾ ഹാജരാക്കണം

പ്രൊജക്റ്റ് നമ്പർ 47/20-കന്നുകുട്ടി പരിപാലനം

അടങ്കൽ :രൂ.625000.00( വികസന ഫണ്ട്) +രൂ. 156250.00(സംസ്ഥാനാവിഷ്കൃതം) + രൂ.3,12,500.00(ഗുണഭോക്തൃ വിഹിതം )

ചെലവ്- 156250.00 (ബിൽ നം 8 തീയതി 14.2.20)

നിർവഹണം-വെറ്റിനറി സർജൻ
ഈ പ്രൊജക്റ്റിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ ലഭ്യമാക്കിയില്ല

എ) പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കായി ഗുണഭോക്താക്കളുടെ വിഹിതമായ156250.00 രൂപ എസ്.എൽ.ബി.പി അസിസ്റ്റന്റ് ഡയരക്ടർ,പാലക്കാടിന് നെഫ്റ്റ് മുഖേന നൽകിയിട്ടുണ്ട്. ഈ തുകക്കുള്ള രശീതിയുടെ പകർപ്പ് ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

ബി) കന്നുകുട്ടി പരിപാലനപദ്ധതി സംബന്ധിച്ച മാർഗരേഖ ജി.ഒ(എം.എസ്) 11/2001/ മൃഗസംരക്ഷണം തീയ്യതി 20-1-01 പ്രകാരം സബ്സിഡിയായി തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന തുകയുടെ വിനിയോഗ സാക്ഷ്യപത്രം, ഭൗതികനേട്ട റിപ്പോർട്ട് എന്നിവ പദ്ധതിയുടെ ജില്ലാ കോർഡിനേറ്റർ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതുണ്ട്. എന്നാൽ തുകയുടെ വിനിയോഗസാക്ഷ്യപത്രം, ഭൗതികനേട്ട റിപ്പോർട്ട് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ടി രേഖകളുടെ പകർപ്പ് ലഭ്യമാക്കേണ്ടതാണ്.
പ്രൊജക്റ്റുകളുടെ നിർവ്വഹണോത്തോടനുബന്ധിച്ച തന്നെ രേഖകളുടെ ഡോക്യുമെന്റേഷൻ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 കറവ പശുക്കൾക്ക് കാലിതീറ്റ വിതരണം - സബ്സിഡി വ്യവസ്ഥകൾക്ക വിരുദ്ധമായി ആനുകൂല്യം നൽകി

പ്രൊജക്റ്റ് നമ്പർ 52/20-കറവ പശുക്കൾക്ക് കാലിതീറ്റ വിതരണം

അടങ്കൽ :രൂ.390000.00 (വികസന ഫണ്ട് -രൂ.195000.00+ ഗുണഭോക്തൃ വിഹിതം-രൂ.195000.00)

ചെലവ്- 388980.00 (വികസന ഫണ്ട്-രൂ.193980.00+ ഗുണഭോക്തൃ വിഹിതം-രൂ. രൂ.195000.00)

| ക്ര നം | ബിൽ /ചെക്ക് നം & തീയതി | തുക |
|---|---|---|

| | | |
|---|---|---|
| 1 | 7/28.10.19 | 193980.00 |
| 2 | 282035/17.2.20 | 69430.00 |
| 3 | 282001/ | 47850.00 |
| 4 | 282039/27.3.20 | 69430.00 |

നിർവഹണം-വെറ്റിനറി സർജൻ

സർക്കാർ ഉത്തരവ് (കൈ) 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 മാർഗ്ഗരേഖ ഖണ്ഡിക 2.12.2 ലെ നിർദ്ദേശപ്രകാരം മൃഗസംരക്ഷണ മേഖലയിൽ വ്യക്തിഗത സബ്സിഡി നൽകുന്നതിന് കുടുംബ വാർഷിക വരുമാനം 5 ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രൊജക്റ്റ് പ്രകാരം ആനുകൂല്യം നൽകിയ ശ്രീ. ഹരിദാസൻ, ശ്രേയസ്സ് വീട്, എറവക്കോട് എന്ന ഗുണഭോക്താവ് അപേക്ഷയോടൊപ്പം ഹാജരാക്കിയ രേഖ അനുസരിച്ച് ( റേഷൻ കാർഡ് നം.1948039667 ) ടിയാന്റെ കുടുംബ വാർഷിക വരുമാനം 756000.00 രൂപയാണ്. സബ്സിഡി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ വിരുദ്ധമായി നൽകിയ സബ്സിഡി ആനുകൂല്യം തിരികെ ഈടാക്കേണ്ടതാണ്.

1-15 കരാറുകാരന് അധികം നൽകിയ തുക ഈടാക്കേണ്ടതാണ്

താഴെ പറയുന്ന മരാമത്ത് പ്രവൃത്തിയുടെ നിർവ്വഹണത്തിൽ കരാറുകാരന് ബിൽ തുക നൽകിയപ്പോൾ തുക അധികമായിനൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ഇപ്രകാരമാണ്.

പദ്ധതിയുടെ പേര്- പറക്കുളം-ആനക്കര റോഡ് റീ ടാറിംങ്

പ്രോജ.നം-169/19-20

-1000000/-

ചെലവ്- 927778/-( ബിൽ നം.17/1-7-19)

എം.ബുക്ക് നം.-1225/18-19

കരാറുകാരൻ-ടി.കെ.രാജൻ

<u>ബിൽ വിശദാംശങ്ങൾ</u>

പ്രവൃത്തി മൂല്യ നിർണ്ണയം-954857

(-) ആദായനികുതി 9549

(-)KCWWF 9549

(-) CGST 1% 9549

(-)SGST 9549

(-) ടാർ ബാരൽ 270275

=======

65275

=======

നൽകേണ്ട തുക – 889582 (954857-65275)

നൽകിയ തുക-890666

അധികം നൽകിത്- 1084

അധികം നൽകിയ തുക 1084 രൂപ കരാറുകാരനിൽ നിന്നും ഈടാക്കി പദ്ധതി ഫണ്ടിൽ ഒടുക്കേണ്ടതാണ്.

1-16 വിദേശ ജോലിക്ക് ധനസഹായം- അർഹതയില്ലാത്ത ഗുണഭോക്താവിന് ആനുകൂല്യം നൽകി-50000രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2019-20 സാമ്പത്തിക വർഷത്തിൽ അസി. സെക്രട്ടറി നടപ്പിലാക്കിയ വിദേശ ജോലിക്ക് ധനസഹായം എന്ന പദ്ധതിയിൽ ധനസഹായം ലഭിച്ച ഒരു ഗുണഭോക്താവ് സബ്സിഡി മാർഗ്ഗ രേഖയിലെ നിർദേശപ്രകാരമുള്ള രേഖകൾ സമർപ്പിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്ട് നമ്പരും പേരും | അടങ്കൽ തുക, ഫണ്ടിനം | ചെലവ് തുക ബിൽ നമ്പർ , തീയ്യതി |
|---|---|---|---|
| 1. | 14/20- വിദേശ ജോലിക്ക് ധനസഹായം- | 100000/- വികസന ഫണ്ട്' SCP) | 100000/- (1) ബിൽ നം. 3/5.2019-50000/- (2)ബിൽ നം. 6/13.12.2019-50000/- |

മേൽ പറഞ്ഞ പ്രൊജക്ട് പ്രകാരം രണ്ട് ഗുണഭോക്താക്കൾക്ക് 50000രൂപ വീതം ആനുകൂല്യം നൽകിയിട്ടുണ്ട്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗ രേഖ- സ.ഉ.(കൈ) 22/2018/ത.സ്വ.ഭ.വ തീയ്യതി. 14.02.2018 ഖണ്ഡിക നമ്പർ 7 ഉപഖണ്ഡിക നമ്പർ 7.2.4 പ്രകാരം തൊഴിൽ വിസയും വിമാനടിക്കറ്റും ഹാജരാക്കുന്ന ഗുണഭോക്താവിന് മാത്രമേ വിദേശത്തേക്ക് പോകുന്നതിനുള്ള ധനസഹായത്തിന്നർഹതയുള്ളൂ.

എന്നാൽ മേൽ പറഞ്ഞ പ്രൊജക്ട് നിർവഹണത്തിനു വേണ്ടി വികസന ഫണ്ടിൽ നിന്നും ട്രഷറി ബിൽ നമ്പർ 06/13.12.2019 പ്രകാരം 50000/-രൂപ പിൻവലിച്ച് ശ്രീ വിജിൻ S/o.വേലായുധൻ, മാത്തിൻകുഴിയിൽ, കല്ലടത്തൂർ എന്ന വ്യക്തിയുടെ 99980103047077നമ്പർ ഫെഡറൽ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്.

ടിയാൻ ഹാജരാക്കിയ രേഖകൾ പരിശോധിച്ചപ്പോൾ, ആനുകൂല്യം കൈപ്പറ്റുന്നതിന് വേണ്ടി ഹാജരാക്കിയത് സന്ദർശക വിസയാണെന്ന് ബോധ്യപ്പെട്ടു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

Sgl.TERM ENTRY PERMIT VISIT/TOURISM Entry Permit No. 101/2019/87/0379708- ABUDHABHI – UNITED ARAB EMIRATES

Naturalisation And Residency Administration Department -UAE

Maximum Stay 30 Days

Valid Until 21.06.2019

UID No. 61808276

Passport No. M6363446

Sponsors Name – BEST HADAF HOLIDAYS -LLC

മേൽ പറഞ്ഞ പ്രകാരം ടിയാൻ ഹാജരാക്കിയ രേഖ സന്ദർശക വിസയായതിനാൽ ടിയാന് വിദേശ ജോലിക്ക് പോകുന്നതിനുള്ള ധനസഹായത്തിന് അർഹതയില്ല .

ഇത് സംബന്ധിച്ച് വിശദീകരണമാവശ്യപ്പെട്ടുകൊണ്ട് നൽകിയ 4/30.05.2022 നമ്പർ അന്വേഷണക്കുറിപ്പിന് മറുപടി സമർപ്പിച്ചില്ല.

ആയതിനാൽ ഒറിജിനൽ തൊഴിൽ വിസയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കുന്നതിനു വിധേയമായി ഈയിനത്തിൽ ചെലവഴിച്ച 50000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ പറഞ്ഞ

രേഖകൾ ഹാജരാക്കാത്ത പക്ഷം ആനുകൂല്യം കൈപ്പറ്റിയ വ്യക്തിയിൽ നിന്നോ അല്ലാത്ത പക്ഷം നിർവഹണോദ്യോഗസ്ഥനിൽ നിന്നോ ടി തുക ഈടാക്കി പൊതു ഫണ്ടിലൊടുക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കരാറുകാരന് അധികം നൽകിയ തുക ഈടാക്കേണ്ടതാണ്

താഴെ പറയുന്ന മരാമത്ത് പ്രവൃത്തിയുടെ നിർവ്വഹണത്തിൽ കരാറുകാരന് ബിൽ തുക നൽകിയപ്പോൾ തുക അധികമായിനൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ഇപ്രകാരമാണ്.

പദ്ധതിയുടെ പേര്- പറക്കുളം-ആനക്കര റോഡ് റീ ടാറിംങ്

പ്രോജ.നം-169/19-20

-1000000/-

ചെലവ്- 927778/-( ബിൽ നം.17/1-7-19)

എം.ബുക്ക് നം.-1225/18-19

കരാറുകാരൻ-ടി.കെ.രാജൻ

ബിൽ വിശദാംശങ്ങൾ

പ്രവൃത്തി മൂല്യ നിർണ്ണയം-954857

(-) ആദായനികുതി 9549

(-)KCWWF 9549

(-) CGST 1% 9549

(-)SGST 9549

(-) ടാർ ബാരൽ 270275

=======

65275

=======

നൽകേണ്ട തുക – 889582 (954857-65275)

നൽകിയ തുക-890666

അധികം നൽകിത്- 1084

അധികം നൽകിയ തുക 1084 രൂപ കരാറുകാരനിൽ നിന്നും ഈടാക്കി പദ്ധതി ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

2019-2020 വർഷത്തെ AFS 23-05-2022-നം 31-05-2022 നം ഇടയിൽ പരിശോധിച്ചു. ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 4-2 സംയുക്ത പ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 440000 | ലൈഫ് മിഷൻ തുക വകയിരുത്തൽ-ജനറൽ (215/19-20) | 240000 | 200000 |
| | 2019-20 | 460000 | ലൈഫ് മിഷൻ തുക വകയിരുത്തൽ-SCP (288/19-20) | 360000 | 100000 |
| | 2019-20 | 269334 | ലൈഫ് മിഷൻ തുക വകയിരുത്തൽ -SCP (155/19-20) | 210000 | 269334 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 300000 | ലൈഫ് മിഷൻ തുക വകയിരുത്തൽ-ജനറൽ (155/19-20) | 80188 | 219812 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വണ ഏജൻസി | പ്രവൃത്തിയുടെ പേര്, പ്രോജക്ട് നമ്പർ | ബിൽ നം./ തീയ്യതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| KSEB | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (8/2019) | ചെ.നം. 2648886 Dt.30.1.2019 | 17972 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല |
| | | ചെ.നം. 2648896 Dt.27.12.2019 | 21381 | |
| | | ചെ.നം. | 41070 | |

| | | | | |
|---|---|---|---|---|
| | | 5681630 Dt. 07.03.2020 | | |
| | | ചെ.നം. 5681635 Dt. 20.03.2020 | 16282 | |
| | | ചെ.നം. 5681646 Dt. 31.03.2020 | 18705 | |
| | | ആകെ | 115410 | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

തൻവർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 2800000രൂപ വരവുണ്ട്.തൻവർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ലൈഫ് പദ്ധതി ലോൺ | ലഭ്യമല്ല | 2800000 | 2986087 | 485294 | - | 5300793 |

## 4-6 സ്ഥിര നിക്ഷേപം

ഈ ഇനത്തിൽ മുൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 31-3-19 ലെ നീക്കിയിരിപ്പായി 621274 രൂപ അവശേഷിക്കുന്നു.(രശീതി നമ്പർ 02503020300064-9/3-4-18—പി.ഡി.സി ബാങ്ക്,പടിഞ്ഞാറങ്ങാടി ബ്രാഞ്ച്) .എന്നാൽ തൻവർഷം എത്ര രൂപ പിൻവലിച്ചു ,നിക്ഷേപിച്ചു തുടങ്ങിയ വിവരങ്ങൾ ലഭ്യമല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 3-3 | 7000 | സുജയൻ കെ, രാജൻ കെ കരാറുകാർ | 119010104724/ 07-01-2020 |
| 2017-18 | 3-4 | 3500 | എം.വാസുദേവൻ കരാറുകാരൻ | 119010105100/ 20-01-2020 |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ
--ഒന്നുമില്ല

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

------ ഈ ഇനത്തിൽ തൻവർഷം തുകയൊന്നും ഈടാക്കിയിട്ടില്ല--------

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 19115758 |
| ഓഡിറ്റ് വർഷത്തെ വരവ് | 58639421 |
| ആക | 77755179 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 60809253 |
| നീക്കിയിരിപ്പ് | 16945926 |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ | 1084 |

| | |
|---|---|
| ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 50000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം-

ഒന്നുമില്ല

(സി). ഭാഗം 1 പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം-

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 1084 | എം.വി.ജിഷ അസി. എഞ്ചിനീയർ |

ഡി.ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 50000 | പി.കെ. രാജേന്ദ്രൻ, അസി.സെക്രട്ടറി |

(ഇ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(എഫ്) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ജി)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| എം.വി.ജിഷ, അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, കപ്പൂർ ഗ്രാമ പഞ്ചായത്ത് | ചോലയിൽ മന, തൃത്താല, പാലക്കാട് ജില്ല |
| പി.കെ. രാജേന്ദ്രൻ, അസി.സെക്രട്ടറി | അസി.സെക്രട്ടറി, തൃത്താല ഗ്രാമ പഞ്ചായത്ത് | മാരാത്ത് വീട്, പട്ടിത്തറ പി.ഒ, പാലക്കാട് ജില്ല |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | LFP6-18568/00/11-12-00 | മുഴുവൻ ഖണ്ഡികകളും |
| 1998-99 | LFP6-18568/00/11-12-00 | -Do- |
| 1999-00 | LFP11-28/05/29-08-2005 | -Do- |
| 2000-01 | LFP11-733/06/16-10-2006 | -Do- |
| 2001-02 | LFP11-734/06/16-10-2006 | -Do- |
| 2002-03 | LFP11-1617/08/2-1-2010 | -Do- |
| 2003-04 | LFP11-1618/08/2-1-2010 | -Do- |
| 2004-05 | LFP11-1619/08/2-1-2010 | -Do- |
| 2005-06 | LFP20-1006/11/3011-11 | -Do- |
| 2006-07 | LFP20-1007/11/3011-11 | -Do- |
| 2007-08 | LFP20-1008/11/30-11-11 | -Do- |
| 2008-09 | LFP20-75/13/22-3-13 | -Do- |
| 2009-10 | LFP20-75/13/22-3-13 | -Do- |
| 2010-11 | LF6-20/75/13/22-3-13 | -Do- |

| | | |
|---|---|---|
| 2011-12 | LFP20-1276/14/10-10-2014 | -Do- |
| 2012-13 | LFP20/882/15/26-08-2015 | -Do- |
| 2013-14& 2014-15 | KSA-PKD20/1103/2016 / 31-07-2016 | -Do- |
| 2015-16 | KSA-PKD20/90 /2017/12-1-17 | -Do- |
| 2016-17 | KSA-PKD20/1815/17 /12.10.17 | 13 |
| 2017-18 | KSA-PKD20/858/2019/ 17-8-19 | മുഴുവൻ ഖണ്ഡികകളും |
| 2018-19 | KSA-PKD20-196/2021 Dt.15-3-21 | മുഴുവൻ ഖണ്ഡികകളും |

അവശേഷിക്കുന്ന തടസ്സവാദങ്ങൾ തീർപ്പാക്കുന്നതിന് അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ കപ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം - 3

## വാർഷിക കണക്കുകളുടെ സംക്ഷിപ്തം

| Kappur Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 21964845.30 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 13198.00 |
| 312000000 | Reserves | B-3 | 42604383.00 |
| | Total Reserve & Surplus | | 64582426.30 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 5189725.00 |
| | Total Grants, Contributions for Specific Purposes | | 5189725.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 5300793.00 |
| | Total Loans | | 5300793.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 720524.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2192962.70 |
| | Total Current Liabilities and Provisions | | 2913486.70 |
| | TOTAL LIABILITIES | | 77986431.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 66842888.00 |
| 411000000 | Accumulated Depreciation | B-11 | -13072815.00 |
| 412000000 | Capital Work in Progress | B-11(a) | 258427.00 |
| | Total Fixed Assets | | 54028500.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 669423.00 |
| | Total Investments | | 669423.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 530540.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | -205155.00 |

ഡെപ്യൂട്ടി ഡയറക്ടർ

| Kappur Grama Panchayat RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 19002335.00 |
| Cash | Cash | RP-40(a) | 113423.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 937380.00 |
| 140000000 | Fees & User Charges | RP-4 | 463039.00 |
| 150000000 | Sale & Hire Charges | RP-5 | 140589.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 42890629.00 |
| 171000000 | Interest Earned | RP-9 | 67422.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 5997360.00 |
| 340000000 | Deposits Received | RP-34 | 147000.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 154661.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 10500.00 |
| 311000000 | Earmarked Funds | RP-29 | 38133.00 |
| 330000000 | Secured Loans | RP-32 | 2800000.00 |
| 340000000 | Deposits Received | RP-34 | 207379.00 |
| 350000000 | Other Liabilities | RP-36 | 277989.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4501340.00 |
| 460000000 | Loans, Advances and Deposits | RP-47 | 6000.00 |
| | Grand total | | 77755179.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4513828.00 |
| 220000000 | Administrative Expenses | RP-12 | 1363579.00 |
| 230000000 | Operations & Maintenance | RP-13 | 2324771.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 3090204.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 18774733.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 2313667.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 2475086.00 |

ഡെപ്യൂട്ടി ഡയറക്ടർ

| Kappur Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2019 to 31-March-2020 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 5071743.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 231372.00 |
| 140000000 | Fee & User Charges | I-4(b) | 554448.00 |
| 150000000 | Sale & Hire Charges | I-5(b) | 140589.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 73024130.00 |
| 170000000 | Income from Investments | I-7 | 48149.00 |
| 171000000 | Interest Earned | I-8 | 67422.00 |
| 180000000 | Other Income | I-9 | 10500.00 |
| | Total Income | | 79148353.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9797593.00 |
| 220000000 | Administrative Expenses | I-11(b) | 1363579.00 |
| 230000000 | Operations & Maintenance | I-12(b) | 2326039.00 |
| 240000000 | Interest & Finance Charges | I-13 | 8982.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 3090204.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 33285559.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2313667.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 2475086.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 8810080.00 |
| 255000000 | Maintenance Projects | I-14(e) | 6689634.00 |

| | | | |
|---|---|---|---|
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 27930.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 68350.00 |
| 272000000 | Depreciation | I-17(a) | 7035219.00 |
| | Total Expenditure | | 77291922.00 |
| | Gross Surplus/ Deficit of income over Expenditure | | 1856431.00 |
| 280000000 | Prior Period Item | I-18 | -3248956.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 5105387.00 |

ഡെപ്യൂട്ടി ഡയറക്ടർ